**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258** **07-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ടൂറിസത്തിന് പുതിയ ദിശാബോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തര കാലത്ത് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ സാധ്യതയായ ടൂറിസം വളർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധ തരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കോവിഡ് ഒന്നാം തരംഗത്തിന് ശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. “ചെയ്ഞ്ച് ഓഫ് എയർ" എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും, പ്രിന്റ് മീഡിയകളിലൂടെയും, ഓൺലൈൻ ഉൾപ്പെടെയുള്ള സമൂഹ മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ 1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ 2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആന്റ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്. 3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ - നാഷണൽ ടി.വി. 4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ 5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്റ്റിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി "കേരളം കാണാം" എന്ന ക്യാമ്പയിൻ സമൂഹ മാധ്യമങ്ങൾ വഴി ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ, കേരള ടൂറിസത്തിന്റെ വെബ്.സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാർ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാ |

| | | | |
|---|---|---|---|
| | | | നിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. കാരവൻ ടൂറിസം നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മൊബൈൽ ആപ്പ് സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കാൻ സംരംഭകർക്കും ത്രിതല പഞ്ചായത്തുകൾക്കും ആവശ്യമായ മാർഗ്ഗനിർദേശങ്ങളും സഹായങ്ങളും നല്കാൻ നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ത്രിതല പഞ്ചായത്ത് പ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകി വരുന്നുണ്ട്. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ടവരെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്റ്റേറ്റ് ലെവൽ ആർ.പി. മാരാക്കിക്കൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ടൂറിസം സംരംഭങ്ങൾ തുടങ്ങുവാൻ താൽപ്പര്യമുള്ളവർക്ക് വിവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്നു. ഈ പരിശീലനങ്ങളെല്ലാം തികച്ചും സൗജന്യമാണ്. |

സെക്ഷൻ ഓഫീസർ